# യോഹന്നാന്റെ ജീവപഠനം

## ദൂത് മുപ്പത്

## തന്റെ നിവാസം ഉളവാക്കുന്നതിനുവേണ്ടിയുള്ള ത്രിയേകദൈവത്തിന്റെ പകർച്ച

## (2)

Mon

### C. അനേകം വാസസ്ഥലങ്ങൾ ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയുടെ അനേകം അവയവങ്ങൾ

പിതാവിന്റെ ഭവനത്തിൽ അനേക വാസസ്ഥലങ്ങൾ ഉണ്ട്(14:2). രണ്ടാം വാക്യത്തിലെ വാസസ്ഥലങ്ങൾക്കുള്ള ഗ്രീക്ക് പദം, 23-ാം വാക്യത്തിൽ വാസസ്ഥലം എന്നു തർജ്ജമ ചെയ്തിരിക്കുന്ന പദത്തിന്റെ ബഹുവചനരൂപമാണ്. വാസസ്ഥലം എന്നാൽ എന്താണ് അർത്ഥം? അനേകം വാസസ്ഥലങ്ങൾ ക്രിസ്തുവിന്റെ ശരീരത്തിന്റെ അനേകം അവയവങ്ങളാണ്(റോമ.12:5); അത് ദൈവത്തിന്റെ മന്ദിരമാണ്(1 കൊരി.3:16-17). കർത്താവിന്റെ ശരീരത്തിന് അനേക അവയവങ്ങളുണ്ട്; ഓരോ അവയവവും ഒരു വാസസ്ഥലമാണ്. അനേക വാസസ്ഥലങ്ങൾ ശരീരത്തിന്റെ അനേക അവയവങ്ങളാണ് എന്ന് 23-ാം വാക്യം വേണ്ടവിധം തെളിയിച്ചിരിക്കുന്നു. തന്നെ സ്നേഹിക്കുന്നവനോടുകൂടെ കർത്താവ് പിതാവുമൊത്ത് വസിക്കും എന്ന് അത് പറയുന്നു. യേശുവിനെ സ്നേഹിക്കുന്ന ഓരോ ആളും ഒരു വാസസ്ഥലമാണ്. നാം എല്ലാവരും ദൈവത്തിന്റെ കെട്ടിടത്തിലെ വാസസ്ഥലങ്ങൾ ആണ്. ഈ കെട്ടിടം ക്രിസ്തുവിന്റെ ശരീരവും എല്ലാ വാസസ്ഥലങ്ങളും ക്രിസ്തുവിന്റെ ശരീരത്തിന്റെ അവയവങ്ങളും ആണ്.

### D. ദൈവത്തിന്റെ വാസസ്ഥലത്തിന്റെ കെട്ടുപണിക്കുവേണ്ടി മനുഷ്യനെ ദൈവത്തിലേക്ക് കൊണ്ടുവരുവാൻ മരണപുനരുത്ഥാനങ്ങളിലൂടെ കടന്നുപോകുന്നു

രണ്ടാം വാക്യത്തിലെ"ഞാൻ പോകുന്നു"എന്നീ വാക്കുകളുടെ അർത്ഥം ദൈവത്തിന്റെ നിവാസത്തിന്റെ കെട്ടുപണിക്കുവേണ്ടി മനുഷ്യനെ ദൈവത്തിലേക്ക് കൊണ്ടുവരുവാൻ കർത്താവ് മരണപുനരുത്ഥാനങ്ങളിലൂടെ കടുന്നുപോകുന്നു എന്നാണ്."ഞാൻ എന്റെ സഭയെ

പണിയും,"എന്ന് കർത്താവ് പറഞ്ഞു. മത്തായി 16:18-ൽ പരാമർശി ച്ചിരിക്കുന്ന സഭയുടെ കെട്ടുപണിയാണ് ഇത്. ഇവിടെ രണ്ടാം വാക്യ ത്തിൽ കർത്താവ് "ഞാൻ നിങ്ങൾക്ക് ഒരു സ്ഥലം ഒരുക്കുവാൻ പോകു ന്നു,"എന്ന് പറയുന്നു. ഇവ രണ്ടു വ്യത്യസ്ത കാര്യങ്ങളാണോ? അത് അസാദ്ധ്യമാണ്. കർത്താവിന് ഒരു വേലയേ ഉള്ളൂ. അവൻ നമുക്കു വേണ്ടി സ്വർഗ്ഗത്തിൽ സ്ഥലം ഒരുക്കുകയും അതേ സമയം, ഭൂമിയിൽ ഒരു സഭ കെട്ടുപണിയുകയും അല്ല ചെയ്യുന്നത്. അത് യുക്തിസഹമല്ല. വചനത്തിന്റെ ഈ രണ്ടു ഭാഗങ്ങളും തമ്മിൽ ചേർത്തുവച്ചാൽ, സ്ഥലം ഒരുക്കുന്നത്, സഭയെ കെട്ടുപണിയുന്നതുതന്നെ ആണെന്ന് നാം കാണും. സഭ കെട്ടുപണി ചെയ്യേണ്ടതിന് കർത്താവിന് സ്ഥലം ഒരു ക്കുവാൻ പോകേണ്ടിയിരുന്നു. ഇതിന്റെ പരിണതഫലം പുതിയ യെരു ശലേമിന്റെ കെട്ടുപണി ആയിരിക്കും(വെളി.21:2). കർത്താവ് ഇപ്പോൾ സഭയെ പണിതുകൊണ്ടിരിക്കുന്നു. സഭയുടെ ഈ കെട്ടുപണി പുതിയ യെരുശലേമിന്റെ കെട്ടുപണിക്ക് തുല്യമാണ്. നാം കണ്ടതുപോലെ, മുഴുവൻ പ്രപഞ്ചത്തിലും ദൈവത്തിന് ഒരു കെട്ടുപണിയേ, വീണ്ടെ ടുക്കപ്പെട്ട തന്റെ ജനത്തോടൊപ്പമുള്ള ജീവനുള്ള അവന്റെ വാസ സ്ഥലത്തിന്റെ കെട്ടുപണിയേ ഉള്ളൂ.

## E. "ഒരു സ്ഥലം ഒരുക്കുവാൻ"- മനുഷ്യന് ദൈവത്തിലേക്ക് പ്രവേശിക്കുവാനുള്ള മാർഗ്ഗം തുറക്കുവാൻ

"ഞാൻ നിങ്ങൾക്ക് ഒരു സ്ഥലം ഒരുക്കുവാൻ പോകുന്നു,"എന്ന തിന്റെ അർത്ഥം, കർത്താവ് മനുഷ്യന് ദൈവത്തിലേക്ക് പ്രവേശിക്കു ന്നതിനുവേണ്ടി ഒരു സ്ഥലം ഒരുക്കുകയും വീണ്ടെടുപ്പ് സാധിക്കു കയും വഴി തുറക്കുകയും മനുഷ്യന് ദൈവത്തിലേക്ക് പ്രവേശിക്കു വാൻ ഒരു നിലപാട് എടുക്കുകയും ചെയ്യും എന്നാണ്. അതിനർത്ഥം നമുക്ക് ദൈവത്തിൽ ആകുവാനുള്ള വഴി കർത്താവ് ഒരുക്കും എന്നാ ണ്. ഈ അദ്ധ്യായത്തിന്റെ കേന്ദ്രചിന്ത ഇതാണ്. ദൈവത്തെ നമ്മിൽ വസിക്കുവാൻ നാം അനുവദിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ഒന്നാ മത് നാം അവനിലേക്ക് പ്രവേശിക്കണം. നാം അവനിലേക്ക് പ്രവേ ശിക്കുന്നില്ലെങ്കിൽ, അവൻ നമ്മിലേക്ക് പ്രവേശിക്കുകയില്ല. നാം ദൈവ ത്തിൽ വസിച്ചാൽ, പിന്നെ അവൻ നമ്മിൽ വസിക്കും.

എന്നാൽ നമ്മെപ്പോലുള്ള പാപികളായ മനുഷ്യർക്ക് എങ്ങനെ ദൈവത്തിലേക്ക് പ്രവേശിക്കുവാൻ കഴിയും? നാം എങ്ങനെ നീതി മാനും പരിശുദ്ധനുമായ ദൈവത്തിലേക്ക് പ്രവേശിക്കും? അത് അസാ ദ്ധ്യമാണ്. നാം ദൈവത്തിൽനിന്ന് വേർപെട്ടുപോയ ജനമാണ്. നാം ദൈവത്തിൽനിന്ന് എത്ര അകലെയാണ് എന്ന് നിങ്ങൾക്ക് അറി യാമോ? അത് വളരെയേറെ വലിയ അകലമായിരിക്കണം. നിങ്ങളും ദൈവവും ആയുള്ള അകലം എത്രയാണെന്ന് നിങ്ങൾ എപ്പോഴെ ങ്കിലും അളന്നിട്ടുണ്ടോ? നിങ്ങൾക്കും അവനും ഇടയിൽ എത്രമാത്രം

തടസ്സങ്ങൾ ഉണ്ടെന്ന് നിങ്ങൾ എപ്പോഴെങ്കിലും എണ്ണിയിട്ടുണ്ടോ? ഒന്നാമത്തെ തടസ്സം പാപമാണ്, രണ്ടാമത്തേത് അനേകമായ പാപ ങ്ങളാണ്, മൂന്നാമത്തേത് ലോകമാണ്, നാലാമത്തേത് ലോകത്തിന്റെ ഭരണാധികാരി അഥവാ പ്രഭു ആയ പിശാച് ആണ്, അഞ്ചാമത്തേത് മരണവും. കൂടാതെ ജഡം, സ്വയം, പഴയ മനുഷ്യൻ എന്നിവ നാമും ദൈവവും ആയുള്ള അകലം വർദ്ധിപ്പിക്കുന്നു. നാം ദൈവത്തിൽനിന്ന് വളരെ ഏറെ അകലെയാണ്. നാം എങ്ങനെ അവനിലേക്ക് നടത്ത പ്പെടും? എങ്ങനെ പാപികൾക്ക് ദൈവത്തിലേക്ക് പ്രവേശിക്കുവാൻ കഴിയും? പാപത്തിന്റെയും പാപങ്ങളുടെയും ലോകത്തിന്റെയും പിശാ ചിന്റെയും മരണത്തിന്റെയും ജഡത്തിന്റയും സ്വയത്തിന്റെയും പഴയ മനുഷ്യന്റെയും ആയ വേർപെടുത്തുന്നതായ എല്ലാ മൂലകങ്ങളും നീക്കിക്കളയണം, നിർമ്മൂലമാക്കണം. അപ്പോൾ നാം ദൈവത്തിന്റെ അടുക്കലേക്ക് നടത്തപ്പെടും, ദൈവത്തിങ്കലേക്കു മാത്രമല്ല, ദൈവ ത്തിലേക്കും നടത്തപ്പെടും.

ഇതിനുവേണ്ടി കുറച്ചു വേല, കുറച്ച് ഒരുക്കം ആവശ്യമായിരുന്നു. കർത്താവിന് തയ്യാറെടുപ്പിന്റെ ഒരു വേല ചെയ്യേണ്ടിയിരുന്നു. സ്വർഗ്ഗ ത്തിലേക്കല്ല, മറിച്ച് തടസ്സങ്ങളെല്ലാം നീക്കുവാനായി, ക്രൂശിലേക്ക് അവന് പോകേണ്ടിയിരുന്നു. സർവ്വവും ഉൾകൊള്ളുന്ന കർത്താവിന്റെ മരണത്താൽ എല്ലാ തടസ്സങ്ങളും നീക്കപ്പെട്ടു. നമ്മുടെയും ദൈവ ത്തിന്റെയും ഇടയിലുണ്ടായിരുന്ന എല്ലാ പ്രതിബന്ധങ്ങളും ക്രൂശി ന്മേൽ കർത്താവ് നിർമ്മൂലമാക്കി. പാപം, പാപങ്ങൾ, ലോകം, ഈ ലോകത്തിന്റെ പ്രഭു, ജഡം, സ്വയം, പഴയമനുഷ്യൻ, എന്നിവയെയും മരണത്തെപ്പോലും അവൻ കൈകാര്യം ചെയ്തു. നമ്മെ ദൈവത്തി ലേക്ക് കൊണ്ടുവരുവാൻ മരണപുനരുത്ഥാനങ്ങളിലൂടെ കർത്താവ് പാത നിരപ്പാക്കുകയും സ്ഥലം ഒരുക്കുകയും ചെയ്തു. ഞാൻ നിങ്ങൾ ക്ക് ഒരു സ്ഥലം ഒരുക്കുവാൻ പോകുന്നു എന്നതിന്റെ ശരിയായ അർത്ഥം ഇതാണ് എന്ന് ഞാൻ വിശ്വസിക്കുന്നു.

ഐക്യനാടുകളിൽ അനേക വിശാലപാതകളും പെരുവഴികളും ഉണ്ട്. കർത്താവിന്റെ മരണവും പുനരുത്ഥാനവും, ദൈവത്തിലേക്കു നമ്മെ കൊണ്ടുവരുന്നതായ ഒരു പെരുവഴി ഒരുക്കിയിരിക്കുന്നു. അവൻ ക്രൂശിക്കപ്പെടുന്നതിന് മുമ്പ് നാം പിതാവിലേക്ക് പോകുന്നതിന് അനേക തടസ്സങ്ങൾ, പല പ്രതിബന്ധങ്ങൾ ഉണ്ടായിരുന്നു. അവനി ലേക്ക് പ്രവേശിക്കുവാൻ ഒരു വഴിയും ഇല്ലായിരുന്നു. എന്നാൽ തന്റെ മരണപുനരുത്ഥാനങ്ങളാൽ ഏതു വ്യക്തിയെയും ദൈവത്തിലേക്ക് കൊണ്ടുവരുവാൻ കഴിയുന്നതായ വഴി കർത്താവ് വെട്ടുകയും ഒരു ക്കുകയും പെരുവഴി നിരപ്പാക്കുകയും ചെയ്തു. കർത്താവ് എല്ലാ കുന്നുകളും നീക്കുകയും എല്ലാ വിടവുകളും നികത്തുകയും പെരു വഴി നിരപ്പാക്കുകയും ചുങ്കങ്ങളെല്ലാം കൊടുത്തുതീർക്കുകയും

ചെയ്തു. നാം ഒരു ചിലവും വഹിക്കേണ്ടതില്ല. നേരേ ദൈവത്തിങ്കലേക്ക് നമുക്ക് ചെല്ലാം.

കർത്താവ് തന്റെ മരണപുനരുത്ഥാനങ്ങളാൽ ദൈവത്തിലേക്കുള്ള വഴി തുറക്കുക മാത്രമല്ല, ദൈവമുമ്പാകെയും ദൈവത്തിലും നമുക്ക് ഒരു സ്ഥാനം ഒരുക്കുകയും ചെയ്തു. സുവാർത്ത ശ്രദ്ധിക്കുക: ദൈവമുമ്പാകെയും ദൈവത്തിലും നമുക്കായി ഒരു സ്ഥാനം ഒരുക്കപ്പെട്ടിരിക്കുന്നു. കർത്താവായ യേശുവിന്റെ നാമത്തിൽ നാം വിശ്വസിക്കുന്നിടത്തോളം, നമുക്ക് ദൈവമുമ്പാകെയും ദൈവത്തിലും ഒരു സ്ഥാനമുണ്ട്."ഹാലേലുയ്യാ! ദൈവമുമ്പാകെ എനിക്ക് ഒരു സ്ഥാനമുണ്ട്; ദൈവത്തിന്റെ ഉള്ളിൽപോലും എനിക്ക് ഒരു സ്ഥാനമുണ്ട്. ദൈവത്തിനുപോലും എന്നെ പുറന്തള്ളുവാൻ കഴിയുകയില്ല. ഓ, ക്രിസ്തുവിന്റെ സജ്ജീകരണം മുഖാന്തരം, നീതിമാനായ ദൈവത്തിന് എന്നെ ഒരിക്കലും പുറത്താക്കുവാൻ കഴിയുകയില്ല. എനിക്ക് ദൈവത്തിൽ അത്ര ഉറച്ച ഒരു നിലപാടുണ്ട്,"എന്ന് നാം എല്ലാവരും ഉച്ചത്തിൽ പറയണം. ഞാൻ ദൈവത്തിലാണ് എന്ന വസ്തുത എനിക്ക് നല്ല തീർച്ചയാണ്, എന്നെനിക്ക് നിങ്ങളോട് സാക്ഷ്യപ്പെടുത്തുവാൻ കഴിയും. ക്രൂശിക്കപ്പെടുകയും പുനരുത്ഥാനം ചെയ്യുകയും ചെയ്ത ക്രിസ്തുവില്ലാതെ നമുക്ക് ഉറപ്പ് ഒരിക്കലും ഉണ്ടാവുകയില്ല. എന്നാൽ കർത്താവ് ക്രൂശിലൂടെ കടന്നുപോവുകയും മരിച്ചവരിൽനിന്ന് ഉയിർക്കുകയും ചെയ്തതുകൊണ്ട് ദൈവമുമ്പാകെയും ദൈവത്തിലും നമുക്ക് ഒരു സ്ഥാനമുണ്ടെന്ന് നമുക്കറിയാം.

സ്വർഗ്ഗത്തിൽ ഒരു കൊട്ടാരം ഒരുക്കുവാനായി കർത്താവ് സ്വർഗ്ഗത്തിലേക്ക് പോവുകയാണ് എന്നും, അങ്ങനെ ഒരുനാൾ നമുക്കും സ്വർഗ്ഗത്തിലേക്ക് പോകുവാനും ആ കൊട്ടാരത്തിൽ ജീവിക്കുവാനും കഴിയുമെന്നും ചിന്തിക്കരുത്. ഈ ചിന്ത അത്യന്തം അധമമാണ്. ഇത് ബുദ്ധമതം പോലെയാണ്. കത്തോലിക്കാസഭയുടെ പഠിപ്പിക്കലുകളും, ഒരു വലിയ പരിധി വരെ പ്രൊട്ടസ്റ്റന്റ് സഭയുടെ പഠിപ്പിക്കലുകൾപോലും ഈ ചിന്താഗതി മുറുകെപ്പിടിക്കുന്നു. ബുദ്ധമതത്തിന്റെ ചിന്താഗതിയോട് സാമ്യമുള്ള ഇത്തരം ചിന്തയിൽനിന്ന് നാം നമ്മെത്തന്നെ മോചിപ്പിക്കണം. വേദപുസ്തകത്തിന്റെ ചൈനീസ് ഭാഷ്യം, എബ്രായർ 9:24-ന്റെയും 1 പത്രൊസ് 3:22-ന്റെയും തർജ്ജമയിൽ സ്വർഗ്ഗം എന്നതിന് സ്വർഗ്ഗീയ കൊട്ടാരം എന്ന ഒരു ബുദ്ധമത പദമാണെന്ന് എല്ലാ ചൈനാക്കാർക്കും അറിയാം. അത് ബുദ്ധമതം കണ്ടുപിടിച്ച ഒരു പദമാണ്. ഈ ചിന്താഗതി ക്രിസ്തുമതം സ്വീകരിച്ചതിൽ ഞാൻ വളരെ ദുഃഖിതനാണ്. അവിശ്വാസികളിൽനിന്ന് പല കാര്യങ്ങളും കത്തോലിക്കാസഭ സ്വീകരിച്ചിട്ടുണ്ട്. ഇത് മത്തായി 13:33-ൽ പറഞ്ഞിരിക്കുന്ന പുളിപ്പാണ്. അവിടെ, സ്ത്രീ നേരിയ മാവിൽ പുളിമാവ്,

ചേർക്കുന്നതായി കർത്താവ് നമ്മോട് പറഞ്ഞു. ഈ ഉപമയിലെ നേരിയ മാവ്, നമ്മുടെ പോഷണത്തിനുവേണ്ടിയുള്ള ജീവനുള്ള അപ്പമായ ദൈവപുത്രനെ സൂചിപ്പിക്കുന്നു. സ്ത്രീ, റോമൻ കത്തോലിക്കാ സഭയെ പ്രതിനിധാനം ചെയ്യുന്നു. അവൾ എടുത്ത പുളിമാവ്, വിഗ്രഹാരാധന, അവിശ്വാസം തുടങ്ങിയ പാപകരമായ അശുദ്ധകാര്യങ്ങൾക്ക് പ്രതീകമാണ്. കത്തോലിക്കാ സഭ, ക്രിസ്തുവിനെ സംബന്ധിച്ച ഉപദേശങ്ങളിലേക്കും പഠിപ്പിക്കലുകളിലേക്കും വിഗ്രഹാരാധനയുടെ തത്ത്വങ്ങൾ കൊണ്ടുവന്നു. സ്വർഗ്ഗീയ കൊട്ടാരത്തിൽ ജീവിക്കുവാൻ പോകുന്നു എന്ന ഈ ചിന്താഗതി നേരിയ മാവിലെ ഒരു തരത്തിലുള്ള പുളിമാവാണ്.

കർത്താവിന്റെ വീണ്ടെടുപ്പ്, നമുക്ക് സ്വർഗ്ഗത്തിൽ ഒരു സ്ഥലം ഒരുക്കുവാൻ വേണ്ടിയുള്ളതല്ല. കർത്താവിന്റെ വീണ്ടെടുപ്പ് നമുക്ക് ദൈവത്തിൽ ഒരു സ്ഥലം ഒരുക്കുവാനുള്ളതാണ്. ഈ ചിന്ത എത്ര ദിവ്യമാണ്! ഈ ചിന്ത ഏറ്റവും ഉന്നതമായ തലത്തിൽ ഉള്ളതാണ്. കർത്താവ് നമ്മെ വീണ്ടെടുത്തത്, നമ്മെ ദൈവത്തിലേക്ക് കൊണ്ടുവരുവാൻ, നമുക്ക് ദൈവത്തിൽ ഒരു സ്ഥലം ഒരുക്കുന്നതിനാണ്. നിങ്ങളുടെ പുതിയനിയമം മുഴുവൻ വായിച്ചശേഷം, നാം എവിടെയാണ് എന്ന് അത് പറയുന്നില്ലേ? നാം വീണ്ടെടുക്കപ്പെട്ടശേഷം, നാം രക്ഷിക്കപ്പെട്ടശേഷം, നാം വീണ്ടുംജനിച്ച ശേഷം, നാം എവിടെയാണെന്ന്, ദയവായി എന്നോടു പറയൂ. നാം ക്രിസ്തുവിലും ദൈവത്തിലും ആണ്. നാം ദൈവത്തിൽ വസിക്കുന്നു എന്നും ദൈവം നമ്മിൽ വസിക്കുന്നു എന്നും യോഹന്നാന്റെ ഒന്നാം ലേഖനവും വെളിപ്പെടുത്തുന്നു(4:13). പുതിയനിയമത്തിൽ ഉടനീളമുള്ള കേന്ദ്രചിന്ത, രക്ഷിക്കപ്പെടുകയും വീണ്ടുംജനിക്കുകയും ചെയ്തശേഷം, നാം ദൈവത്തിലും ക്രിസ്തുവിലും ആകുന്നു എന്നാണ്. ദൈവവും ക്രിസ്തുവും ആണ് നമ്മുടെ വാസസ്ഥലം. മാത്രമല്ല, നാം ദൈവത്തിനുള്ള വാസസ്ഥലം ആയിത്തീർന്നിരിക്കുന്നു. അങ്ങനെ ദൈവവും നാമും, നാമും ദൈവവും ഒരു പരസ്പരനിവാസം ആണ്. സ്വർഗ്ഗത്തിലല്ല, ദൈവത്തിൽ നമുക്കുവേണ്ടി അവൻ ഒരു സ്ഥലം ഒരുക്കുകയായിരുന്നു എന്ന് കർത്താവ് വ്യക്തമായി പറയുന്നു. തന്റെ വീണ്ടെടുപ്പിലൂടെ നാം ദൈവത്തിലേക്ക് പ്രവേശിക്കുവാൻ തക്കവണ്ണം, കർത്താവിന് നമ്മെ ദൈവത്തിലേക്ക് കൊണ്ടുവരുവാൻ അവൻ ഒരു സ്ഥലം ഒരുക്കുകയായിരുന്നു. തന്റെ മരണപുനരുത്ഥാനങ്ങളിലൂടെ അവൻ നമ്മെ ദൈവത്തിലേക്ക് കൊണ്ടുവന്നു. നമുക്ക് ഓരോരുത്തനും ദൈവത്തിൽ ഒരു ഇടം ഉള്ളതുകൊണ്ട് കർത്താവിന് സ്തോത്രം! സ്വർഗ്ഗത്തിൽ ഒരു സ്ഥലമോ, അതോ, ദൈവത്തിൽ ഒരു ഇടമോ നിങ്ങൾ ഏത് ഏറെ ഇഷ്ടപ്പെടുന്നു?

കർത്താവ് പോയത്, ദൈവത്തിന്റെ വാസസ്ഥലത്തിന്റെ കെട്ടുപണിക്കുവേണ്ടി അവനിലേക്ക് മനുഷ്യനെ കൊണ്ടുവരുന്നതിനായിരുന്നു. മനുഷ്യനും ദൈവത്തിനും ഇടയിലുള്ള തടസ്സങ്ങളെല്ലാം നീക്കികൊണ്ട് വീണ്ടെടുപ്പ് നിറവേറ്റുവാനും, അങ്ങനെ മനുഷ്യന് ദൈവത്തിലേക്ക് പ്രവേശിക്കുവാൻ വഴിതുറക്കുവാനും, ഒരു സ്ഥാനമുണ്ടാക്കുവാനും അവൻ ക്രൂശിലേക്ക് പോയി. ദൈവത്തിലുള്ള സ്ഥാനം വികസിച്ച്, ക്രിസ്തുവിന്റെ ശരീരത്തിലുള്ള സ്ഥാനമായിത്തീരുന്നു. ദൈവത്തിൽ സ്ഥാനം, ഒരു സ്ഥലം, ഇല്ലാത്ത ആർക്കും ദൈവത്തിന്റെ വാസസ്ഥലമായ, ക്രിസ്തുവിന്റെ ശരീരത്തിലും ഒരു സ്ഥലം ഇല്ല. അങ്ങനെ, വീണ്ടെടുപ്പ് നിറവേറ്റുവാനായി കർത്താവ് പോയത് ശിഷ്യന്മാർക്ക് തന്റെ ശരീരത്തിൽ ഒരു സ്ഥലം ഒരുക്കുവാനായിരുന്നു.

## F. കർത്താവിന്റെ പോക്ക് അവന്റെ വരവായിരുന്നു

മൂന്നാം വാക്യത്തിൽ,"ഞാൻ പോയി .... വന്നു"എന്ന് കർത്താവ് പറഞ്ഞു. ഞാൻ ഈ വാചകം വളരെയേറെ ഇഷ്ടപ്പെടുന്നു. (തന്റെ മരണപുനരുത്ഥാനങ്ങളിലൂടെയുള്ള) കർത്താവിന്റെ പോക്ക് (അവന്റെ ശിഷ്യന്മാരുടെ അടുത്തേക്കുള്ള-വാ.18,28) അവന്റെ വരവാണ് എന്ന് ഈ വാക്ക് തെളിയിക്കുന്നു. ഇവിടത്തെ കാലം, ഇംഗ്ലീഷ് ഭാഷയെ സംബന്ധിച്ച് വളരെ അപൂർവമാണ്. ഇതിന്റെ അർത്ഥം അവന്റെ പോക്ക് അവന്റെ വരവായിരുന്നു, അവൻ പോകുന്നതിലൂടെ വരുകയായിരുന്നു എന്നാണ്. കർത്താവന്റെ പോക്ക് അവന്റെ വേർപാട് ആയിരുന്നില്ല, വാസ്തവത്തിൽ അവന്റെ വരവിന്റെ മറ്റൊരു പടി ആയിരുന്നു. കർത്താവിന്റെ മരണപുനരുത്ഥാനങ്ങൾ അവന്റെ വരവിന്റെ വേറൊരു പടിയായിരുന്നു. മരിക്കുവാനുള്ള അവന്റെ പോക്ക്, നമ്മിലേക്കുള്ള അവന്റെ വരവായിരുന്നു. കത്താവിന്റെ ഉദ്ദേശ്യം തന്റെ ശിഷ്യന്മാരിലേക്ക് പ്രവേശിക്കുക എന്നതായിരുന്നു. അവൻ ജഡത്തിൽ വന്നു(1:14); അവൻ തന്റെ ശിഷ്യന്മാരുടെ ഇടയിൽ ആയിരുന്നു, എന്നാൽ അവൻ ജഡത്തിൽ ആയിരുന്നപ്പോൾ, അവന് അവരിലേക്ക് പ്രവേശിക്കുവാൻ കഴിഞ്ഞില്ല. 17 മുതൽ 20 വരെയുള്ള വാക്യങ്ങളിൽ വെളിപ്പെടുത്തിയിരിക്കുന്നതുപോലെ, അവന്, ജഡത്തിൽനിന്ന് ആത്മാവായി കായന്തരപ്പെടുകയും, അങ്ങനെ അവരിലേക്ക് വന്ന് അവരിൽ വസിക്കത്തക്കവണ്ണം മരണപുനരുത്ഥാനങ്ങളിലൂടെ കടന്നുപോവുക എന്ന വേറൊരു പടി എടുക്കേണ്ടിയിരുന്നു. തന്റെ പുനരുത്ഥാനത്തിനുശേഷം തന്നെത്തന്നെ പരിശുദ്ധാത്മാവായി ശിഷ്യന്മാരിലേക്ക് ഊതുവാൻ അവൻ വന്നു(20:19-22). അതുകൊണ്ട്, അവന്റെ പോക്ക്, അവന്റെ വരവുതന്നെ ആയിരുന്നു.

അനേക വർഷം മുമ്പ് തായ്വാനിൽ നടന്ന ഒരു കാര്യം ഞാൻ ഉദാഹരണമായി ഉപയോഗിക്കട്ടെ. ഒരു ദിവസം ഞാൻ വലിയ ഒരു

തണ്ണിമത്തൻ വാങ്ങി. ഞാൻ അത് വീട്ടിൽ കൊണ്ടുവന്ന് തീൻമേശയിൽ വച്ചപ്പോൾ എന്റെ കുട്ടികളെല്ലാം ആവേശഭരിതരായിരുന്നു. പിന്നെ ഞങ്ങൾ ആ തണ്ണിമത്തൻ അടുക്കളയിലേക്ക് കൊണ്ടുപോയി. കുട്ടികളിൽ ഒരാൾ "തണ്ണിമത്തൻ എടുത്തുകൊണ്ടു പോകരുത്"എന്ന് ഉറക്കെ വിളിച്ചു പറഞ്ഞു. ഞാൻ അവരോട് മിണ്ടാതിരിക്കുവാൻ പറഞ്ഞു, കാരണം തണ്ണിമത്തൻ കൊണ്ടുപോയത് അത് അവർക്ക് ഭക്ഷിക്കുവാനും അങ്ങനെ വലിയ തണ്ണിമത്തൻ അവരുടെ ഉള്ളിലേക്ക് പ്രവേശിക്കുവാനും ആയിരുന്നു. മത്തങ്ങ പ്രക്രിയയിലൂടെ കടന്നു പോകണമായിരുന്നു, മുറിച്ച് കഷണങ്ങളാക്കണമായിരുന്നു. അല്പ സമയത്തിനുശേഷം ആ വലിയ മത്തങ്ങ കുട്ടികളുടെ അടുത്തേക്ക് കഷണങ്ങളായി വന്നു. കുട്ടികളെല്ലാം സന്തോഷിച്ചു. ഒരു മണിക്കൂറിനുള്ളിൽ മുഴുവൻ തണ്ണിമത്തനും തീർന്നു. അത് എവിടെ പോയി? അത് കുട്ടികളിലേക്ക് പോയി. ഒടുവിൽ കുട്ടികൾ എല്ലാം തണ്ണിമത്തൻ കുട്ടികളായിത്തീർന്നു. തണ്ണിമത്തൻ എടുത്തുകൊണ്ടുപോയത് അതിന്റെ ദൂരെപോക്ക് ആയിരുന്നില്ല. അതിന്റെ എടുത്തുകൊണ്ടു പോകൽ തണ്ണിമത്തൻ കുട്ടികളിലേക്ക് വരുന്നതിന്റെ വേറൊരു പടിയായിരുന്നു. യേശു ആ തണ്ണിമത്തൻപോലെ ആയിരുന്നു. എങ്ങനെ ശിഷ്യന്മാർക്ക് അവനെ വിഴുങ്ങുവാൻ കഴിഞ്ഞു? അത് അസാദ്ധ്യമായിരുന്നു. അവന് പ്രക്രിയയിലൂടെ കടന്നുപോകണമായിരുന്നു, കഷണങ്ങളായി മുറിക്കപ്പെടണമായിരുന്നു, കഷണങ്ങളായി മാത്രമല്ല, കുടിക്കുവാൻ തക്ക തണ്ണിമത്തൻനീര് ആയിത്തീരണമായിരുന്നു. ഇപ്പോൾ യേശു, മുമ്പായിരുന്നതുപോലെ തണ്ണിമത്തൻ മാത്രമല്ല, നീരും ആണ്. യേശുവിനെ കുടിക്കുന്നവർക്കെല്ലാം അവരിലേക്ക് യേശുവിനെ ലഭിക്കുന്നു. പുനരുത്ഥാനത്തിൽ ക്രിസ്തുവായി മടങ്ങിവരുവാനായി യേശു മരണത്തിലൂടെ കടന്നുപോയി.

## G. "നിങ്ങളെ എന്റെ അടുക്കൽ ചേർക്കും"

"ഞാൻ ....... പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർക്കും" (വാ.3). ഇതിന്റെ അർത്ഥം കർത്താവ് നമ്മെ ഒരു സ്ഥലത്തേക്ക് ചേർക്കുന്നു എന്നല്ല, അവൻ നമ്മെ അവനിലേക്ക് ചേർക്കുന്നു എന്നാണ്. കർത്താവ് തന്റെ ശിഷ്യന്മാരെ തന്നിലേക്ക് ചേർക്കുന്നു, എന്നാൽ 20-ാം വാക്യത്തിലെ"നിങ്ങൾ എന്നിലും"എന്നീ വാക്കുകൾ സൂചിപ്പിക്കുന്നതുപോലെ, അവരെ അവനിലേക്ക് ആക്കിവയ്ക്കുന്നു എന്നാണ്.

## H. "ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിന്"

മൂന്നാം വാക്യത്തിൽ, അവൻ നമ്മെ അവന്റെ അടുക്കൽ ചേർക്കുമെന്നും അങ്ങനെ, "ഞാൻ ഇരിക്കുന്ന ഇടത്ത് നിങ്ങളും ഇരിക്കും"

എന്നും കർത്താവ് പറഞ്ഞു. കർത്താവ് എവിടെയാണ്? അവൻ സ്വർഗ്ഗത്തിൽ ആണോ? അല്ല, അവൻ പിതാവിൽ ആണ്. തന്റെ ശിഷ്യന്മാരും പിതാവിൽ ആയിരിക്കുവാൻ കർത്താവ് ആഗ്രഹിക്കുന്നു(വാ.17,21). കർത്താവ് പിതാവിൽ ആയിരിക്കുന്നതുകൊണ്ട്, അവൻ നമ്മെയും പിതാവിലേക്ക് കൊണ്ടുവരുന്നു. കർത്താവിൽ ആയിരിക്കുന്നതിനാൽ, ശിഷ്യന്മാരായ നാമും പിതാവിൽ ആണ്. കർത്താവ് പിതാവിൽ ആയിരുന്നു. തന്റെ മരണപുനരുത്ഥാനങ്ങളിലൂടെ കർത്താവ് നമ്മെ അവനിലേക്ക് കൊണ്ടുവന്നു. അവനിൽ ആയിരിക്കുന്നതിനാൽ നാമും പിതാവിൽ ആണ്, കാരണം അവൻ പിതാവിൽ ആണ്. അവൻ എവിടെ ആയിരിക്കുന്നുവോ അവിടെ ആണ് നാമും. ഇത് സാദ്ധ്യമാക്കിയത്, കർത്താവിന്റെ മരണപുനരുത്ഥാനങ്ങളിലൂടെ ആയിരുന്നു. തന്റെ മരണപുനരുത്ഥാനങ്ങൾക്കു മുമ്പ് കർത്താവായ യേശു പിതാവിലായിരുന്നു, എന്നാൽ ശിഷ്യന്മാർ ആയിരുന്നില്ല. അവന്റെ മരണപുനരുത്ഥാനങ്ങൾക്കു ശേഷം, കർത്താവ് പിതാവിൽ ആയിരുന്നതും ആയിരിക്കുന്നതും പോലെതന്നെ, എല്ലാ ശിഷ്യന്മാരും പിതാവിലേക്ക് പ്രവേശിച്ചു. ആ സമയത്ത്,"ഞാൻ ആയിരിക്കുന്ന ഇടത്തു നിങ്ങളും ആയിരിക്കും,"എന്ന് പറയുവാൻ കർത്താവിന് കഴിഞ്ഞു.

## I. "വഴി"പുത്രൻതന്നെ ആണ്

നമുക്ക് ദൈവത്തിലേക്ക് പ്രവേശിക്കുവാനുള്ള വഴി കർത്താവു തന്നെയാണ്. വഴി ഒരു ജീവനുള്ള വ്യക്തി ആയതുകൊണ്ട്, കർത്താവ് നമ്മെ കൊണ്ടുവരുന്ന സ്ഥലവും ഒരു ജീവനുള്ള വ്യക്തിയായിരിക്കണം, പിതാവായ ദൈവംതന്നെ. ജീവനുള്ള സ്ഥലമായ പിതാവായ ദൈവത്തിലേക്ക് മനുഷ്യനെ കൊണ്ടുവരുവാനുള്ള ജീവനുള്ള വഴി കർത്താവുതന്നെയാണ്. നമ്മെപ്പോലെ, സ്ഥലവും വഴിയും വ്യക്തികളല്ല സ്ഥലങ്ങളാണെന്ന്, ശിഷ്യന്മാരും കരുതി. എന്നാലും കർത്താവ് അവരോട്,"ഞാൻ വഴി ആകുന്നു"എന്നു പറഞ്ഞു.

## J. "യാഥാർത്ഥ്യം"വഴി ആയിത്തീർന്നു

ആറാം വാക്യത്തിൽ താൻ യാഥാർത്ഥ്യം ആണെന്നും കർത്താവായ യേശു പറഞ്ഞു. വഴിക്ക് യാഥാർത്ഥ്യം ആവശ്യമാണ്. കർത്താവ് നിങ്ങളുടെ യാഥാർത്ഥ്യമല്ലെങ്കിൽ, അവന് നിങ്ങളുടെ വഴി ആയിരിക്കുവാൻ ഒരിക്കലും കഴിയുകയില്ല. യാഥാർത്ഥ്യം വഴി ആയിത്തീരുന്നു.

## K. "ജീവൻ"യാഥാർത്ഥ്യം കൊണ്ടുവന്നു

യാഥാർത്ഥ്യത്തിന് ജീവൻ ആവശ്യമാണ്. കർത്താവുതന്നെ നമുക്ക് ജീവനാണ്. ഈ ജീവൻ നമുക്ക് യാഥാർത്ഥ്യം കൊണ്ടുവരുകയും, യാഥാർത്ഥ്യം പിതാവിലേക്ക് നമുക്ക് പ്രവേശിക്കുവാനുള്ള വഴി ആയിത്തീരുകയും ചെയ്യുന്നു. ഒന്നാമത്, ക്രിസ്തു നമ്മുടെ ജീവനാണ്.

പിന്നെ, ഈ ജീവൻ നമുക്ക് ദൈവത്വത്തിന്റെ സകല യാഥാർത്ഥ്യവും കൊണ്ടുവരുന്നു. ഒടുവിൽ, ദൈവത്വത്തിന്റെ ഈ യാഥാർത്ഥ്യം നമുക്ക് പിതാവിലേക്ക് പ്രവേശിക്കുവാനുള്ള വഴിയാണ്. കർത്താവ് നമുക്ക് ജീവൻ ആയിരിക്കുമ്പോൾ, പിന്നെ നമുക്ക് യാഥാർത്ഥ്യമുണ്ട്. കർത്താവ് നമ്മുടെ യാഥാർത്ഥ്യം ആയിരിക്കുമ്പോൾ, നമുക്ക് പിതാവിലേക്ക് പ്രവേശിക്കുന്നതിനുള്ള വഴിയുണ്ട്.

കർത്താവ്, എന്തുകൊണ്ട് വഴി ഒന്നാമതും, സത്യം അഥവാ യാഥാർത്ഥ്യം രണ്ടാമതും, ജീവൻ അവസാനവും ആക്കിവച്ചു എന്ന് അനേക വർഷങ്ങളായി എനിക്ക് മനസ്സിലായില്ലായിരുന്നു. അവസാനം ഈ ക്രമത്തിന്റെ അർത്ഥം എനിക്കു മനസ്സിലായി. കർത്താവിന് നമ്മുടെ വഴി ആകണമെങ്കിൽ, അവൻ നമ്മുടെ യാഥാർത്ഥ്യം ആയിരിക്കണം അവന് നമ്മുടെ യാഥാർത്ഥ്യം ആകണമെങ്കിൽ, അവൻ നമ്മുടെ ജീവൻ ആയിരിക്കണം. അവനെ ജീവനായി ലഭിച്ചാൽ, നമുക്ക് അവനെ നമ്മുടെ യാഥാർത്ഥ്യമായി ലഭിക്കും. അവനെ നമ്മുടെ യാഥാർത്ഥ്യമായി ലഭിച്ചാൽ, നമുക്ക് അവനെ പിതാവിലേക്കുള്ള നമ്മുടെ വഴിയായി ലഭിക്കും. കർത്താവുതന്നെ ആണ് വഴി; ഈ വഴി ആണ് യാഥാർത്ഥ്യം; ഈ യാഥാർത്ഥ്യം ജീവൻ ആണ്.

ആറാം വാക്യത്തിൽ,"എന്നിലൂടെ അല്ലാതെ ആരും സ്വർഗ്ഗത്തിൽ എത്തുന്നില്ല"എന്നു കർത്താവു പറഞ്ഞില്ല. ഇല്ല,"എന്നിലൂടെ അല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല,"എന്ന് അവൻ പറഞ്ഞു. കർത്താവിന്റെ ഉദ്ദേശ്യം നമ്മെ സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകുക എന്നതായിരുന്നില്ല, നമ്മെ, ദൈവത്തിലേക്ക്, പിതാവിലേക്ക്, കൊണ്ടുവരുക എന്നതായിരുന്നു. കർത്താവ്, വിശ്വാസികളെ സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകുവാനല്ല, അവരെ പിതാവിലേക്ക് കൊണ്ടുവരുവാനുള്ള വഴിയാണ്.

## L. “പിതാവിന്റെ അടുക്കലേക്ക്”

ജീവനുള്ള വ്യക്തിയായ പിതാവാണ് ലക്ഷ്യസ്ഥാനം; ജീവനുള്ള വ്യക്തിയായ പുത്രനാണ് വഴി. വഴിയോ ലക്ഷ്യസ്ഥാനമോ ഒരു സ്ഥലം അല്ല. പുത്രൻ വഴിയും പിതാവ് ലക്ഷ്യസ്ഥാനവും ആണ്. പുത്രനിലൂടെ നാം പിതാവിലേക്ക് പ്രവേശിക്കുന്നു. വഴിയും ലക്ഷ്യസ്ഥാനവും, രണ്ടും, ജീവനുള്ള വ്യക്തികളാണ്. പുത്രന്റെ മരണപുനരുത്ഥാനങ്ങളിലൂടെ നാം എല്ലാവരും പിതാവിലേക്ക് വരുന്നു. ഇപ്പോൾ പുത്രൻ പിതാവിലാണ്; നാം പുത്രനിലായതുകൊണ്ട് നാമും പിതാവിലാണ്.